"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് നിലനിന്നിരുന്ന ലോക്ക്ഡൗൺ സാഹചര്യം കണക്കിലെടുത്ത് നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ കൂടാതെ 6 മാസം നീട്ടി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1444/2021/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 31/07/2021

---

പരാമർശം:-

1. 06/05/2021ലെ സ.ഉ.(സാധാ) നം.404/2021/ദു.നി.വ.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 28.06.2021-ലെ ഡി.ബി.1/2892/14/സി.ഇ./എൽ.ഐ.ഡി. & ഇ.ഡബ്ല്യൂ. നമ്പർ കത്ത്
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 14.07.2021 ൽ നടന്ന യോഗത്തിന്റെ തീരുമാനം 4.38

**ഉത്തരവ്**

കോവിഡ് ബാധ രൂക്ഷമായിരുന്നത് മൂലം സംസ്ഥാനത്ത് നിലനിന്നിരുന്ന ലോക്ക്ഡൗൺ സാഹചര്യത്തിൽ ചരക്കുകൾ, സേവനങ്ങൾ, മനുഷ്യശക്തി എന്നിവയുടെ ചലനത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ടി സമയത്ത് നിയന്ത്രണങ്ങളോടെ നിർമ്മാണ മേഖലയ്ക്ക് പ്രവർത്തിക്കാം എന്ന് പരാമർശിത ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് തൊഴിലാളികളെ പ്രവൃത്തി സൈറ്റുകളിൽ എത്തിക്കുന്നതിൽ പരിമിതികളുണ്ടായിരുന്നു. ഇത്തരം നിയന്ത്രണങ്ങൾ കാരണം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ജോലികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാർക്ക് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല എന്നും ഈ സാഹചര്യത്തിൽ, കോവിഡ് സമയത്തെ ലോക്ക് ഡൗണുകളിലൂടെ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ നിലനിന്നിരുന്ന പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത്, സദുദ്ദേശത്തോടെ എല്ലാ നിർമ്മാണ പ്രവൃത്തികളുടെയും പൂർത്തീകരണ കാലാവധി പിഴ കൂടാതെ 6 മാസമെങ്കിലും നീട്ടി നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് പശ്ചാത്തലത്തിൽ ലോക്ഡൗൺ സമയത്ത് നിർമ്മാണ പ്രവൃത്തികൾ സുഗമമായി മുന്നോട്ടു കൊണ്ടു പോകുന്നതിന് നിയന്ത്രണങ്ങൾ തടസ്സമായിരുന്നത് കണക്കിലെടുത്ത്, പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ഏറ്റെടുത്തിട്ടുള്ള നിർമ്മാണ പ്രവർത്തികളുടെ പൂർത്തീകരണ കാലാവധി പിഴകൂടാതെ 6 മാസം നീട്ടി നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. ഇതനുസരിച്ച് തുടർ നടപടി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ കോർപറേഷൻ സെക്രട്ടറിമാർക്കും
എല്ലാ നഗരസഭാ ചെയർമാന്മാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും (ചീഫ് എഞ്ചിനീയർ മുഖാന്തരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 02-08-2021 10:53:35
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്